നം കെ. എസ്. എ.പി.റ്റി.എ.പി10-825/17 തിയതി: 28.07.2017

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01-12-2016 മുതൽ 20-06-17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-06-2017 മുതൽ 30-06-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.അനിൽകുമാർ.സി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി വീണ സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മനോജ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എസ്.എസ്.രാജേഷ് | 01.04.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | തനത് വരുമാനം | 1-6 |
| 7. | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9. | അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 1-9 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | തൊഴിൽനികുതി പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല | 2-1 |
| 11 | അനധികൃത നിർമ്മാണത്തിന്റെ വസ്തുനികുതി നിർണ്ണയവും ഈടാക്കലും | 2-2 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 13 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-4 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | ജീവനക്കാരുടെ യാത്രാപ്പടി- അധിക തുക നൽകിയത് സംബന്ധിച്ച് | 3-1 |
| 15 | സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 16 | പത്താംതരം തുല്യതാ പഠനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-3 |
| 17 | സാങ്കേതികാനുമതി ലഭിക്കാഞ്ഞത് മൂലം ടെണ്ടർ | 3-4 |

| | | |
|---|---|---|
| | നടപടി സ്വീകരിച്ചില്ല | |
| 18 | സാങ്കേതികാനുമതി ഇല്ലാതെ മരാമത്ത് പ്രവൃത്തിക്ക് തുക ചെലവഴിച്ചത് ക്രമവിരുദ്ധം | 3-5 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-6 |
| 20 | ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 3-7 |
| 21 | ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാർ ബിറ്റുമിൻ വാങ്ങിയതിൽ കുറവ് | 3-8 |
| 22 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-9 |
| 23 | തേനീച്ച വളർത്തൽ പദ്ധതി-തേനീച്ചക്കൂട്ടുകൾ വിതരണം ചെയ്തതിന് രേഖകളില്ല | 3-10 |
| 24 | ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല | 3-11 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല | 3-12 |
| 26 | പാലിയേറ്റീവ് കെയർ യൂണിറ്റ് -രോഗികൾക്ക് ഉപകരണങ്ങളും മരുന്നും ലഭ്യമാക്കിയില്ല | 3-13 |
| 27 | എസ്.എസ്.എ വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-14 |
| 28 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-15 |
| 29 | കിണർ നിർമ്മാണം-ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമല്ല | 3-16 |
| 30 | ആട് വളർത്തൽ പദ്ധതി(ജനറൽ)-അപാകതകൾ | 3-17 |
| 31 | വിനിയോഗ സാക്ഷ്യപത്രംഹാജരാക്കിയില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-18 |
| 32 | ഭവനപദ്ധതി വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-19 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 36 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബഡ്ജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച തീയതി | പഞ്ചായത്ത് കമ്മിറ്റി ബഡ്ജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി |
|---|---|---|---|
| 2016-17 | 02.03.2016 | 04.03.2016 | 10.02.2017 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിൽ ഉള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2975638 | 15949129 | 12973491 | |
| വരവ് | 136268000 | 70847758 | | 65420242 |
| ആകെ | 139243638 | 86796887 | | 52046751 |
| ചെലവ് | 134854000 | 63039382 | | 71814618 |
| നീക്കിയിരിപ്പ് | 4389638 | 23757505 | 19367867 | |

യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15-05-2017 | 08-06-2017 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15949129 |
| വരവ് | 70847758 |
| ആകെ | 86796887 |
| ചെലവ് | 63039382 |
| നീക്കിയിരിപ്പ് | 23757505 |

## 1-4 2015-16 വർഷിക പദ്ധതിയിൽ ലഭ്യമായ തുകയും ചെലവും

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17700761 | 17700761 | 15887275 | 1813486 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 99143041 | 99143041 | 7062315 | 92080726 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 61632 | 61632 | 61632 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4721889 | 4721889 | 3235328 | 1486561 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14880339 | 14880339 | 6322395 | 8557944 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9926997 | 9926997 | 7315175 | 2611822 |
| ലോകബാങ്ക് | 0 | 5556978 | 5556978 | 1520691 | 4036287 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 224 | 126 | 3 | 95 | 56 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 24 | 17334927 | 15 | 2947891 | 17 |
| സേവനം | 86 | 38328642 | 54 | 29522835 | 77 |
| പശ്ചാത്തലം | 114 | 35600929 | 57 | 14189834 | 40 |
| ആകെ | 224 | 91264498 | 126 | 46660560 | 51 |

## 1-6 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3981482 | 6739973 | 2758491 | (+)69.3 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 863917 | 1202172 | 338255 | (+)39.1 |
| മറ്റ് വരവുകൾ | 38452 | 193554 | 155102 | (+)403.4 |
| ആകെ | 4883851 | 8135699 | 3251848 | (+) 66.6 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2016, 02.50 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17197 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2017മുതൽ 19.04.2017 വരെ | 2017 ഫെബ്രുവരി മുതൽ മാർച്ച് വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2015 മുതൽ 26.03.2015വരെ | 2009-10 മുതൽ 2013-14 വരെ | 17.06.2015 |

## 1-9 അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

കാഷ് ബുക്ക്

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ കാഷ് ബുക്ക് 12/2016 വരെയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കാഷ് ബുക്ക് ദൈനംദിനം ക്ലോസ് ചെയ്യാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ആയത് ധനവിനിയോഗ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധവുമാണ്. കാഷ് ബുക്ക് ക്ലോസ് ചെയ്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

വർക്ക് ബിൽ

വർക്ക് ബില്ലിന്റെ ആഫീസ് കോപ്പികളിൽ പലതിലും മെമ്മോറാണ്ടം ഓഫ് പേയ്മെന്റിൽ അസി.എഞ്ചിനിയറുടെ സീൽ മാത്രമേ പതിച്ചിട്ടുള്ളൂ. ഒപ്പിട്ട് അധികൃതമാക്കാഞ്ഞത് അസി. എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ബിൽ ഒപ്പിട്ട് അധികൃതമാക്കേണ്ടതാണ്.

കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

വാണിജ്യ നികുതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഫാറം 1E യിലുള്ള കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് മാത്രമേ ഹാജരാക്കുന്നുള്ളൂ. മേൽത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ

ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും; ബിസിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2016-17 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | അടൂർ താലൂക്ക് എംപ്ലോയീസ് സൊസൈറ്റി, കലഞ്ഞൂർ | I&II |
| 2 | നാഷണൽ അക്കാദമി കൂടൽ | I&II |
| 3 | എസ്.എസ്.ഹോളോബ്രിക്സ്, കലഞ്ഞൂർ | I&II |
| 4 | എ.വി.ജി.പൗൾട്രി ഫാം, കുളത്തുമൺ | I&II |
| 5 | ത്രിവേണി സ്റ്റോഴ്സ്, കലഞ്ഞൂർ | I&II |
| 6 | പാണ്ടിയഴികത്ത് ബാങ്കേഴ്സ്, കലഞ്ഞൂർ | I&II |
| 7 | താമരശ്ശേരിൽ ഓട്ടോ ഏജൻസീസ്, കൂടൽ | I&II |
| 8 | മറീന ക്യാഷ്യൂ എക്സ്പോർട്സ്, മാങ്കോട് | I&II |
| 9 | ഉപാസന ഹോസ്പിറ്റൽ, കൂടൽ | I&II |
| 10 | കൈരളി ക്യാഷ്യൂ ഫാക്ടറി, പാടം | I&II |
| 11 | കൈരളി ഫ്യൂവൽസ്, കൂടൽ | I&II |
| 12 | യൂണിയൻ ബാങ്കേഴ്സ്, കൂടൽ | I&II |
| 13 | ആയുഷ് ഹെൽത്ത് കെയർ, കൂടൽ | I&II |
| 14 | പോസ്റ്റ് ഓഫീസ്, അതിരുങ്കൽ | I&II |
| 15 | ആകാശ് കേബിൾസ്, കലഞ്ഞൂർ | II |
| 16 | പിരമിഡ് ഗ്രാനൈറ്റ്സ്, പോത്തുപാറ | II |
| 17 | കോണ്ടൂർ ജംഗിൾ റിസോർട്ട്, പോത്തുപാറ | I&II |
| 18 | മാടയ്ക്കൽ ഹോളോബ്രിക്സ്, കൂടൽ | II |
| 19 | പെർഫെക്ട് മോട്ടോഴ്സ്, കലഞ്ഞൂർ | I&II |
| 20 | ബെസ്റ്റ് ഗ്രാനൈറ്റ്സ്, പോത്തുപാറ | I&II |

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ യഥാസമയം ഈടാക്കാത്തത് കാരണം ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. നികുതി യഥാസമയം പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 24.06.2017-ന് ഓഡിറ്റ് എൻക്വയറി (നം.10) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശികത്തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2 അനധികൃത നിർമ്മാണത്തിന്റെ വസ്തുനികുതി നിർണ്ണയവും ഈടാക്കലും

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം, അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കേണ്ടത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235(AA) വകുപ്പ് 1-ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിലായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ(UA രജിസ്റ്റർ) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട ഉടമസ്ഥന്റെ വിവരം | കെട്ടിടത്തിന്റെ വിവരം | നിർണ്ണയിച്ച വസ്തുനികുതി | നികുതി നിർണ്ണയിച്ചത് |
|---|---|---|---|---|
| 1 | പ്രദീപ് കുമാർ<br>പുത്തൻപുരയിൽ, കൂടൽ | 18/UA-1<br>73 m2 | BT-3066<br>LC-154 | 16-17 ഒന്നാം അർദ്ധവർഷം |
| 2 | പ്രദീപ് കുമാർ<br>പുത്തൻപുരയിൽ, കൂടൽ | 18/UA-2<br>73 m2 | BT-2914<br>LC-146 | 16-17 ഒന്നാം അർദ്ധവർഷം |
| 3 | പ്രദീപ് കുമാർ<br>പുത്തൻപുരയിൽ, കൂടൽ | 18/UA-3<br>73 m2 | BT-2760<br>LC-138 | 16-17 ഒന്നാം അർദ്ധവർഷം |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235(AA) വകുപ്പ് പ്രകാരം, അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച്, കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെയോ നിർമ്മാണം നിയമാനുസൃതമാക്കുന്നത് വരെയോ ആ കെട്ടിടത്തിന് സാധാരണ നിലയിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആകയാൽ മേൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് വരെയോ നിർമ്മാണം നിയമാനുസൃതമാക്കുന്നത് വരെയോ കെട്ടിടങ്ങൾക്ക് സാധാരണ നിലയിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പരിഷ്കരിച്ചിരുന്നു. എന്നാൽ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി 2013-14 സാമ്പത്തിക വർഷം മുതൽ ഈടാക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വസ്തുനികുതി | നികുതി ഈടാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | ഇൻഡസ് ടവർ, V/501 | 15345 | 2013-14 |
| 3 | റിലയൻസ്, IX/585 | 11000 | ഈടാക്കിയിട്ടില്ല |
| 4 | റിലയൻസ്, IX/586 | 5000 | ഈടാക്കിയിട്ടില്ല |
| 5 | റിലയൻസ്, IX/587 | 5000 | ഈടാക്കിയിട്ടില്ല |
| 6 | റിലയൻസ്, IX/588 | 5000 | ഈടാക്കിയിട്ടില്ല |
| 7 | ഇൻഡസ് ടവർ, XVIII/840 | 15500 | 2014-15 |
| 8 | ഇൻഡസ് ടവർ, XI/482 | 9312 | 2014-15 |
| 9 | ബി.എസ്.എൻ.എൽ, V/22 | 12100 | ഈടാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 10 | വൊഡാഫോൺ, V/24 | 13200 | ഈടാക്കിയിട്ടില്ല |

മൊബൈൽ ടവറുകളുടെ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വസ്തുനികുതി കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിക്കുള്ളിൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്ന ഏതൊരാളും 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഫാം നടത്തുന്നതിനുള്ള ലൈസൻസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് വാങ്ങേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പൗൾട്രി ഫാമുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചത് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെയാണ്.

1. എ.വി.ജി പൗൾട്രി ഫാം, കുളത്തുമൺ

2. എ.ആർ.എസ് പൗൾട്രി ഫാം, കുളത്തുമൺ

3. ജെ.കെ പോൾട്രി ഫാം, കലഞ്ഞൂർ

ടി ഫാമുകൾ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസിന് പകരം ഡി ആന്റ് ഓ ലൈസൻസ് എടുത്താണ് പ്രവർത്തിച്ചത്. അപാകത പരിഹരിക്കേണ്ടതും ഭാവിയിൽ പൗൾട്രി ഫാമുകൾക്ക് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നിർബന്ധമാക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജീവനക്കാരുടെ യാത്രാപ്പടി- അധിക തുക നൽകിയത് സംബന്ധിച്ച്

ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. എസ്. രാജേഷ് താഴെ ചേർക്കുന്ന ദിവസങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി ഔദ്യോഗിക വാഹനത്തിൽ യാത്ര നടത്തിയിട്ട് ബസ്സ്/ട്രയിൻ യാത്ര ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി യാത്രാപ്പടി കൈപ്പറ്റിയിട്ടുണ്ട്. ഒരേ ദിവസം നടത്തിയ യാത്രക്ക് 2 അനാമത്ത് ചെലവും കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | യാത്രയുടെ വിവരം റ്റി.എ ബിൽ പ്രകാരം | യാത്രയുടെ വിവരം ലോഗ് ബുക്ക് പ്രകാരം | അനുവദിച്ച യാത്രാപ്പടി | അനുവദിക്കാവുന്ന യാത്രാപ്പടി (Half DA) | അധികം നൽകിയ തുക | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 22.01.2016 | കലഞ്ഞൂർ-പത്തനംതിട്ട (യാത്ര,താമസം,മടക്കം) സമയം,ദൂരം രേഖപ്പെടുത്തിയിട്ടില്ല ബസ്സ് യാത്ര | കലഞ്ഞൂർ-പാടം (യാത്ര,താമസംമടക്കം) 2 pm-5.00 pm 39 Km | 250 | 125 | 125 | 4600208/ 14.06.2016 |
| 2 | 4.2.2016 | കലഞ്ഞൂർ-തിരുവനന്തപുരം (യാത്ര,താമസംമടക്കം) സമയം,ദൂരം രേഖപ്പെടുത്തിയിട്ടില്ല ട്രയിൻ യാത്ര | --- | 1846 | 1646 | 200 (അധികം നൽകിയഅനാമത്ത് ചെലവ്) | 4600208/ 14.06.2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 16.3.2016 | കലഞ്ഞൂർ-പത്തനംതിട്ട (യാത്ര,താമസംമടക്കം) സമയം,ദൂരം രേഖപ്പെടുത്തിയിട്ടില്ല ബസ്സ് യാത്ര | കലഞ്ഞൂർ-പത്തനംതിട്ട (യാത്ര,താമസംമടക്കം) 11.15am-2.00 pm 56 Km | 400 | 200 | 200 | 4600208/ 14.06.2016 |
| 4 | 1.4.2016 | കലഞ്ഞൂർ-തിരുവനന്തപുരം (യാത്ര,താമസംമടക്കം) സമയം,ദൂരം രേഖപ്പെടുത്തിയിട്ടില്ല | കലഞ്ഞൂർ-കോന്നി (യാത്ര,താമസം, മടക്കം) 10 am-1.00 pm 58 Km | 1686 | 200 | 1486 | 4600208/ 14.06.2016 |
| ആകെ | | | | | | 2011/- | |

ഔദ്യോഗിക വാഹനത്തിൽ ഡ്രൈവറോടൊപ്പം നടത്തിയ യാത്രകൾ വിശ്വാസയോഗ്യമാകയാൽ ബസ്സ്/ട്രയിൻ യാത്ര നടത്തിയതായി കാണിച്ച് യാത്രാപ്പടി ഇനത്തിൽ അധികമായി കൈപ്പറ്റിയ 2011/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ ടി ഡി പ്രകാശ്, താഴെ ചേർക്കുന്ന ദിനങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി യാത്ര നടത്തിയതിന് ബസ്സ് യാത്രകൾക്കുള്ള യാത്രാപ്പടി കൈപ്പറ്റിയിട്ടുണ്ടെങ്കിലും അന്നേ ദിവസങ്ങളിൽ ഔദ്യോഗിക വാഹനത്തിൽ മറ്റ് യാത്രകൾ നടത്തിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനം. | തീയതി | യാത്രയുടെ വിവരം റ്റി.എ ബില്ല് പ്രകാരം | യാത്രയുടെ വിവരം ലോഗ് ബുക്ക് പ്രകാരം | അനുവദിച്ച യാത്രാപ്പടി | അനുവദിക്കാവുന്ന യാത്രപ്പടി (Half DA) | അധികം നൽകിയ തുക | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 4 | 3.2.2016 | കലഞ്ഞൂർ-പത്തനംതിട്ട (യാത്ര, താമസം, മടക്കം) സമയം,ദൂരം രേഖപ്പെടുത്തിയിട്ടില്ല | കലഞ്ഞൂർ-പഞ്ചായത്തിലെ വിവിധ വാർഡുകൾ (യാത്ര, താമസം,മടക്കം) 10 am-1.00 pm 46 Km | 320 | 160 | 160 | 4600210/ 14.06.2016 |
| 4 | 6.2.2016 | കലഞ്ഞൂർ-പത്തനംതിട്ട (യാത്ര,താമസംമടക്കം) സമയം,ദൂരം രേഖപ്പെടുത്തിയിട്ടില്ല | കലഞ്ഞൂർ-പത്തനംതിട്ട (യാത്ര,താമസംമടക്കം) 10 am-1 pm | 320 | 160 | 160 | 4600210/ 14.06.2016 |
| ആകെ | | | | | | 320 | |

ഔദ്യോഗിക വാഹനത്തിൽ ഡ്രൈവറോടൊപ്പം നടത്തിയ യാത്രകൾ വിശ്വാസയോഗ്യമാകയാൽ അന്നേ ദിവസം മറ്റ് യാത്രകൾ നടത്തിയതായി കാണിച്ച് യാത്രാപ്പടി ഇനത്തിൽ കൈപ്പറ്റിയ 320/- രൂപ ഉത്തരവാദിയായ ജൂനിയർ സൂപ്രണ്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| പദ്ധതിയുടെ പേര് | എൽ.പി.സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം, S0 028/17 |
|---|---|
| അടങ്കൽ തുക | 450000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 450000, Bill No.04/16-17 dtd 16.03.17 |

ഗവ.എൽ.പി.സ്കൂൾ കലഞ്ഞൂർ, ഗവ.എൽ.പി.സ്കൂൾ കൂടൽ എന്നീ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കുന്നതിനാണ് കൂടൽ ഗവ.എൽ.പി.സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി രൂപീകരിച്ചത്. സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ, സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ ഐ.സി.റ്റി ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഉപകരണങ്ങളും സേവനവും ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 09.01.2017-ൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും (തീരുമാനം നം.II(5)) സാധനങ്ങളും സേവനവും ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. താഴെപ്പറയുന്ന ഐ.സി.റ്റി ഉപകരണങ്ങളാണ് പദ്ധതിയുടെ ഭാഗമായി വാങ്ങിയത്.

| ക്രമ നം. | ഇനം | വില (ടാക്സ് അടക്കം) | എണ്ണം | ആകെ വില |
|---|---|---|---|---|
| 1 | Projector-Optoma short throw 305 ST | 30915 | 2 | 61830 |
| 2 | Specktron IR technology interactive board | 27615 | 2 | 55230 |
| 3 | Laptop computer-Acer | 22995 | 2 | 45990 |
| 4 | Digital podium raptor sound system | 26335 | 2 | 52670 |
| 5 | Wallmount kit | 6298 | 2 | 12596 |
| 6 | Air conditioner Vester | 35495 | 2 | 70990 |
| 7 | White board | 1603 | 2 | 3206 |
| | | ആകെ | | 302512 |

26.08.2016-ലെ സ.ഉ(ആർ.ടി) നം.2777/2016 പൊ.വി.വ ഉത്തരവ് പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനുള്ള ഐ.സി.റ്റി ഉപകരണങ്ങളുടെ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി വില, വിൽപ്പനാന്തര സേവന വ്യവസ്ഥകൾ എന്നിവ നിശ്ചയിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി സമർപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 20.02.2017-ലെ സ.ഉ(സാധാ) നം.460/2017 പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുകയും ലാപ് ടോപ്പ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്റ്റർ എന്നിവയുടെ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി വില എന്നിവ നിശ്ചയിച്ച് നൽകുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം സ്പെസിഫിക്കേഷനും ഈടാക്കാവുന്ന പരമാവധി വിലയും നിശ്ചയിച്ചിട്ടില്ലാത്ത, സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ, 15000 രൂപയിൽ അധികം വിലവരുന്ന മറ്റ് ഐ.സി.റ്റി ഉപകരണങ്ങൾ വാങ്ങുമ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ക്ലിയറൻസ് വാങ്ങിയിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 20.02.2017-ലെ സ.ഉ(സാധാ) നം.460/2017 പൊ.വി.വ ഉത്തരവ് പ്രകാരം സ്പെസിഫിക്കേഷനും ഈടാക്കാവുന്നപരമാവധി വിലയും നിശ്ചയിച്ചിട്ടില്ലാത്ത ഐ.സി.റ്റി ഉപകരണങ്ങൾ വാങ്ങിയപ്പോൾ അവയുടെ വില, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് ക്ലിയറൻസ് വാങ്ങിയില്ല.
2. ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രൊജക്റ്റർ, വൈറ്റ് ബോർഡ്, USB സ്പീക്കർ, ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഐ.സി.റ്റി ഉപകരണങ്ങളെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിപ്പണം ചെലവഴിച്ച് ഉയർന്ന വിലയുള്ള ഇന്ററാക്റ്റീവ് ബോർഡ്, എയർ കണ്ടീഷണർ എന്നിവ വാങ്ങി സ്ഥാപിച്ചു. (ഇവയ്ക്ക്

വേണ്ടി ആകെ 126220 രൂപ ചെലവഴിച്ചു)

3. 20.02.2017-ലെ ഉത്തരവ് പ്രകാരം, സ്പെസിഫിക്കേഷനും ഈടാക്കാവുന്ന പരമാവധി വിലയും നിശ്ചയിച്ചിട്ടില്ലാത്ത ഐ.സി.റ്റി ഉപകരണങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ക്ലിയറൻസ് ഇല്ലാതെ വാങ്ങിയതിനാൽ ഉയർന്ന നിരക്കാണ് നൽകിയിരിക്കുന്നത്. ഇവയുടെ വാങ്ങിയ വിലയും, ഇതേ സ്പെസിഫിക്കേഷന് 30.05.2017-ൽ (പദ്ധതി നിർവ്വഹണത്തിന് ശേഷം) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 40036/17 നമ്പർ നടപടിക്രമം അനുസരിച്ച് നിശ്ചയിച്ച് നൽകിയിട്ടുള്ള വിലയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സർക്കാർ നിശ്ചയിച്ച വില | ഉപകരണങ്ങൾ വാങ്ങിയ വില | അധികം നൽകിയത് |
|---|---|---|---|---|
| 1 | പ്രൊജക്ടർ (20.02.17-ൽ വില നിർണ്ണയിച്ചു) | 25630 | 30915 | 5285 |
| 2 | സ്പീക്കർ | 770 | 26335 | 25565 |
| 3 | വാൾമൗണ്ട് കിറ്റ് | 4900 | 6298 | 1398 |
| ആകെ | | | | 32248 |

(ഇവ രണ്ട് സ്കൂളുകളിലേക്ക് വാങ്ങിയിട്ടുള്ളതിനാൽ ആകെ 64496 രൂപ അധികം ചെലവഴിക്കേണ്ടി വന്നു)

4. വാങ്ങുന്ന ഉപകരണങ്ങൾക്ക് 5 വർഷം വാറന്റി ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ സ്മാർട്ട് ക്ലാസ്സ് റൂമിനായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾക്ക് 1 വർഷം മാത്രമാണ് വാറന്റിയുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 24.06.2017-ന് ഓഡിറ്റ് എൻക്വയറി(നം.09) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ഐ.സി.റ്റി. ഉപകരണങ്ങൾ വാങ്ങിയ ചെലവ് 302512 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പത്താംതരം തുല്യതാ പഠനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| പദ്ധതിയുടെ പേര് | പത്താംതരം തുല്യതാ പഠനം, S0 023/17 |
|---|---|
| അടങ്കൽ തുക | 25000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 16800, Bill No.05/16-17 dtd 29.03.17 |

ഹെഡ് മാസ്റ്റർ, കൂടൽ ഗവ.എൽ.പി.സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പത്താംതരം തുല്യതാ പരീക്ഷയുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നീ ഇനങ്ങളിൽ 8 പഠിതാക്കൾക്കുവേണ്ടി 2100 രൂപ വീതം ആകെ 16800 രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പഠിതാക്കളുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന അനുവദിക്കുന്നതിനാൽ അവർക്കുള്ള തുക തദ്ദേശ സ്ഥാപനങ്ങൾ നൽകാൻ പാടില്ലായെന്ന് 06.10.2009-ലെ 48360/FM1/09 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ച ശ്രീ.രാജീവ് ആർ.,അമ്പലത്തുംപടിഞ്ഞാറ്റേതിൽ, കൂടൽ എന്ന പഠിതാവ് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടയാളാണെന്ന് കോന്നി തഹസീൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാന്റെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഒടുക്കുവരുത്തിയിട്ടില്ല എന്ന് ഉറപ്പുവരുത്താതെയാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം നൽകിയിരിക്കുന്നത്. മാത്രമല്ല പത്താംതരം തുല്യതാ പരീക്ഷയുടെ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ സംസ്ഥാന സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർക്ക് നൽകിയതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 24.06.2017-ന് ഓഡിറ്റ് എൻക്വയറി(നം.09) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുക 16800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 സാങ്കേതികാനുമതി ലഭിക്കാഞ്ഞത് മൂലം ടെണ്ടർ നടപടി സ്വീകരിച്ചില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ആവിഷ്കരിച്ച് ഭരണാനുമതിയും ജില്ലാ ആസൂത്രണ

സമിതിയുടെ അംഗീകാരവും ലഭിച്ച 15 പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

പ്രസ്തുത പ്രവൃത്തികളിൽ ഒരെണ്ണം ഒഴികെ 14 പ്രവൃത്തികൾക്കും 31-03-2017 വരെ ഓൺ ലൈനായോ അല്ലാതെയോ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് അസി. എഞ്ചിനിയർ വീഴ്ച്ച വരുത്തിയതായി കാണുന്നു. അരിവണ്ണൂർ ചക്കിമുക്ക് റോഡ് പുനരുദ്ധാരണം(189/17) എന്ന പ്രവൃത്തിക്ക് 30-03-2717 ൽ മാത്രമാണ് ഓൺ ലൈനായി സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിക്കാൻ ഒരു ദിവസം മാത്രം അവശേഷിക്കെ പ്രസ്തുത പ്രവൃത്തിക്ക് ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടുമില്ല. പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾക്ക് സമയബന്ധിതമായി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നത് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|
| 1. | പോത്ത്പാറ ചേലമൺ റോഡ് കോൺക്രീറ്റിംഗ്(152/17) | 150000 |
| 2. | കലഞ്ഞൂർ ജി.എൽ.പി.എസ്. മെയിന്റനൻസ്(161/17) | 50000 |
| 3. | നെല്ലിമുരുപ്പ് അങ്കണവാടി മെയിന്റനൻസ്(166/17) | 100000 |
| 4. | കുളത്തുമൺ എൽ.പി.എസ്.മെയിന്റനൻസ്(164/17) | 200000 |
| 5. | മൃഗാശുപത്രി മെയിന്റനൻസ്(167/17) | 100000 |
| 6. | പാടം ലക്ഷം വീട് എസ്.സി.കോളനി കുടിവെള്ളപദ്ധതി(178/17) | 300000 |
| 7. | മുറിഞ്ഞകൽ കരിംകുട്ടക്ക വകയാർ റോഡ് പുനരുദ്ധാരണം.(188/17) | 300000 |
| 8. | പഞ്ചായത്ത ഓഫീസ് സ്റ്റോർ റൂം നിർമ്മാണം & റൂഫിംഗ്(194/17) | 200000 |
| 9. | വെട്ടവിള വാട്ടർ സ്പോർട്ട്സ് സ്റ്റേഡിയം സംരക്ഷണ ഭിത്തി നിർമ്മാണം(195/17) | 100000 |
| 10. | പാക്കണ്ടം അങ്കണവാടി മെയിന്റനൻസ്(196/17) | 250000 |
| 11. | കൂടൽ ഷോപ്പിംഗ് കോംപ്ലക്സ് പബ്ലിക്ക് ടോയിലറ്റ് (226/17) | 500000 |
| 12. | പാക്കണ്ടം അങ്കണവാടി രാക്ഷസപ്പാറ റോഡ് മെയിന്റനൻസ്(228/17) | 200000 |
| 13. | കൊന്നേലയ്യം ഈട്ടിവിള കോളനി റോഡ് സംരക്ഷണ ഭിത്തി(230/17) | 200000 |
| 14. | പൂകപ്പുരപ്പടി നാലകത്തുംമണ്ണ് പാലം നിർമ്മാണം(231/17) | 350000 |
| 15. | അരിവണ്ണൂർ ചക്കിമുക്ക് റോഡ് പുനരുദ്ധാരണം(189/17) | 300000 |
| | ആകെ | 3300000 |

ടെണ്ടർ നടപടി സ്വീകരിച്ച് കരാറിലേർപ്പെടാതിരുന്നത് മൂലം 2017-18 വർഷം സ്പിൽ ഓവർ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ലഭിക്കുമായിരുന്ന ഫണ്ട് നഷ്ടപ്പെടുത്തി. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/30-06-17) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കുന്നതിന് അസി. എഞ്ചിനീയർ വീഴ്ച്ച വരുത്തിയത് ഭരണ തലത്തിൽ (എക്സി.എഞ്ചിനീയർ) നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-5 സാങ്കേതികാനുമതി ഇല്ലാതെ മരാമത്ത് പ്രവൃത്തിക്ക് തുക ചെലവഴിച്ചത് ക്രമവിരുദ്ധം

അസി. എക്സി. എഞ്ചിനിയറുടെ സാങ്കേതികാനുമതി ഇല്ലാതെ മരാമത്ത് പ്രവൃത്തിക്ക് ക്രമ വിരുദ്ധമായി തുക മാറി.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച മൃഗാശുപത്രി മെയിന്റനൻസ് (167/17) എന്ന പ്രവൃത്തിക്ക് 100000/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ആവശ്യമുള്ള പ്രവൃത്തിയുടെ കാര്യത്തിൽ വിശദമായ സാങ്കേതിക പരിശോധനക്കും അനുമതിക്കും വിധേയമായാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത്. അംഗീകാരം ലഭിച്ച പ്രോജക്ട് ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് ഓൺ ലൈനായിത്തന്നെ സാങ്കേതികാനുമതി നൽകുന്നതാണ്. സാങ്കേതികാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുമില്ല. എന്നാൽ ട്രഷറി ബിൽ ബുക്ക് പ്രകാരം ബിൽ നം.19/09-03-2017 അനുസരിച്ച് 15984/- രൂപ മാറിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത ചെലവിന്റെ വിവരം ചെലവ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികാനുമതി കിട്ടാത്ത പ്രവൃത്തിക്ക് എങ്ങനെ തുക ചെലവഴിച്ചെന്നും പ്രവൃത്തിയുടെ നിർവ്വഹണം ഏത് തരത്തിൽ നടത്തിയെന്നും ആരാഞ്ഞുകൊണ്ട് അസി.എഞ്ചിനിയർക്ക് ഓഡിറ്റ് അന്വേഷണകുറിപ്പ് (24/30-06-17) നൽകുകയും വർക്ക് ഫയൽ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കുകയോ ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തില്ല. ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി ലഭ്യമാക്കുകയോ ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്യാതെ മരാമത്ത് പ്രവൃത്തിക്ക് തുക ചെലവഴിച്ചത് കേരള പൊതുമരാമത്ത് മാന്വലിലെ സമ്പ്രദായങ്ങൾക്ക് വിരുദ്ധവും കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടം 7ന്റെ ലംഘനവുമാണ്. ക്രമ വിരുദ്ധമായി ചെലവഴിച്ച 15984/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. ക്രമ വിരുദ്ധമായ നടപടി ഭരണതലത്തിൽ (എക്സി.എഞ്ചിനീയർ) നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-6 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതിന്റെ രേഖയില്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയതിന്റെയും ഒടുക്കിയതിന്റെയും കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവ് സ്റ്റേറ്റ്മെന്റ് അനുസരിച്ച് തൻ വർഷം വർഷം 64 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. തൻ വർഷം ഈടാക്കിയ ക്ഷേമനിധിയുടെ കൃത്യമായ കണക്ക് തയ്യാറാക്കി പ്രസ്തുക തുക ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ് ലഭ്യമാക്കേണ്ടതാണ്.

## 3-7 ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തിട്ടില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് പ്രകാരം ടെണ്ടർ ഫീ പുതുക്കി നിശ്ചയിച്ചത് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തികൾക്ക് റീടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ടെണ്ടറിൽ പ്രവൃത്തിക്ക് ആരും തന്നെ ടെണ്ടർ സമർപ്പിച്ചിരുന്നില്ല. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | സ്റ്റേഡിയം പ്ലാച്ചിക്കൽ റോഡ് റീടാറിംഗ് (158/17) | 400000 | 1 | 1x800 =800 | 50 | 850 |

| | | | | | | |
|---|---|---|---|---|---|---|
| 2. | കഞ്ചോട് ഏലാ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (126/17). | 200000 | 4 | 4x500=2000 | 120 | 2120 |
| 3. | ഏഴനേത്ത് നെടുമൺകാവ് ഏലാ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(129/17). | 300000 | 6 | 6x600=3600 | 240 | 3840 |
| 4. | ചാങ്ങേത്ത് കാലായിൽ പടി റോഡ് റീടാറിംഗ്(120/17) | 300000 | 2 | 2x600=1200 | 80 | 1280 |
| 5. | തേമ്പാവുമൺ ആറുമുക്ക് പാലം റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(182/17) | 250000 | 7 | 7x500=3500 | 280 | 3780 |
| 6. | കൊല്ല്യാനിക്കോട് കുറങ്ങയം റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(125/17) | 400000 | 6 | 6x800=4800 | 300 | 5100 |
| 7. | മല്ലങ്കുഴ കഞ്ചോട് റോഡ് റീടാറിംഗ്(128/17) | 400000 | 2 | 2x800=1600 | 100 | 1700 |
| 8. | പടപ്പാറ BSNL ഏലായിൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(181/17) | 490000 | 4 | 4x1000=4000 | 200 | 4200 |
| 9. | കളത്തുമൺ ഏലായിൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(153/17) | 600000 | 5 | 5x1200=6000 | 300 | 6300 |
| 10. | മുറിഞ്ഞകൽ പ്ലാച്ചിക്കൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(186/17). | 170000 | 3 | 3x500=1500 | 90 | 1590 |
| 11. | കവലയിൽ പടി പുതുവയത്ത് റോഡ് ഐറിഷ് ഡ്രയിൻ (140/17) | 150000 | 5 | 5x500=2500 | 150 | 2650 |
| 12. | പടയനിപ്പാറ എറത്തുവാപ്പുഴ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(176/17). | 170000 | 1 | 1x500=500 | 30 | 530 |
| 13. | വില്ലേജ് ഓഫീസ് പടി പയറ്റുകാല ആറ്റഴിക്കോട് റോഡ് ഐറിഷ് ഡ്രയിൻ(141/17). | 150000 | 3 | 3x500=1500 | 90 | 1590 |
| 14. | ഏനാദിപ്പച്ച ഗാന്ധി ജം.റോഡ് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം, റീടാറിംഗ് ( (112/17). | 600000 | 3 | 3x1200=3600 | 180 | 3680 |
| 15. | പുന്നമൂട് SNDP കുലനഴിക്കോട് റോഡ് റീടാറിംഗ്(106/17). | 200000 | 1 | 1x500=500 | 40 | 540 |
| 16. | പൂവത്ത് പടി നെടുമൺകാവ് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(154/17). | 400000 | 5 | 5x800=4000 | 250 | 4250 |
| 17. | പല്ലനിൽപ്പടി ഇടിഞ്ഞക്കുഴി റോഡ് സംരക്ഷണ ഭിത്തി | 400000 | 6 | 6x800=4800 | 300 | 5100 |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം (124/17). | | | | | |
| 18. | കൊന്നേലയ്യം ഈട്ടിവിള കോളനി റോഡ് കോൺക്രീറ്റിംഗ് (105/17). | 200000 | 6 | 6x500=3000 | 240 | 3240 |
| 19. | സി.പി.റോഡ് കൊല്ലമുക്ക് എച്ച്.എസ് ജം. റോഡ് ഐറിഷ് ഡ്രയിൻ, റീടാറിംഗ്(143/17). | 530000 | 1 | 1x1090=1090 | 60 | 1150 |
| 20. | പാലമല കാഞ്ഞിരമുകൾ റോഡ് ഐറിഷ് ഡ്രയിൻ, റീടാറിംഗ്(144/17). | 700000 | 2 | 2x1400=2800 | 200 | 3000 |
| 21. | നെല്ലിമുരുപ്പ് മങ്കുഴി റോഡ് കോൺക്രീറ്റിംഗ് (122/17). | 200000 | 9 | 9x500=4500 | 360 | 4860 |
| 22. | കലാഭവൻ പന്നിവിള റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (149/17). | 150000 | 1 | 1x500=500 | 30 | 530 |
| 23. | തോട്ടുംകര കൊച്ചുപുറപ്പടി റോഡ് റീടാറിംഗ് (179/17) | 340000 | 1 | 1x700=700 | 50 | 750 |
| 24. | കാരുവയൽ പ്ലാന്റേഷൻ കോളനി റോഡ് കോൺക്രീറ്റിംഗ്(147/17). | 150000 | 5 | 5x500=2500 | 150 | 2650 |
| 25. | സൊസൈറ്റിപ്പടി സബ് കനാൽ കാഞ്ഞിരമുകൾ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (145/17). | 300000 | 4 | 4x600=2400 | 160 | 2560 |
| 26. | മണ്ണിൽ കോളനി റോഡ് ഫുട് പാത്ത് കോൺക്രീറ്റിംഗ്(121/17) | 150000 | 1 | 1x500=500 | 30 | 530 |
| 27. | കൊട്ടംതറ വാഴവിള റോഡ് റീടാറിംഗ് (110/17). | 500000 | 2 | 2x1000=2000 | 100 | 2100 |
| 28. | കുറ്റുമൺ ഊറംതറ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (108/17). | 350000 | 4 | 4x700=2800 | 200 | 3000 |
| 29. | പത്തിശ്ശേരി എളിയമൂല റോഡ് റീടാറിംഗ് (156/17). | 300000 | 2 | 2x600=1200 | 80 | 1280 |
| 30. | പുളിനിൽക്കുന്നതിൽ റോഡ് റീടാറിംഗ് (118/17). | 300000 | 2 | 2x600=1200 | 80 | 1280 |
| 31. | ഗുരുമന്ദിരം പത്തിശ്ശേരിപ്പടി ആറ്റഴിക്കോട് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (139/17). | 250000 | 2 | 2x600=1200 | 60 | 1260 |
| 32. | വടക്കേമുരുപ്പേൽ മാത്തിൽപ്പടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(183/17). | 200000 | 2 | 2x500=1000 | 60 | 1060 |
| 33. | നിരത്ത് പാറ മുല്ലഞ്ചൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം(175/17) | 300000 | 5 | 5x600=3000 | 200 | 3200 |

| | | | | | | |
|---|---|---|---|---|---|---|
| 34. | സ്റ്റേഡിയം പ്ലാച്ചിക്കൽ റോഡ് റീടാറിംഗ് (158/17) (റീടെണ്ടർ) | 400000 | 1 | 1x800=800 | 40 | 840 |
| 35. | പടയനിപ്പാറ എറത്തുവാപ്പുഴ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(176/17). | 170000 | 1 | 1x500=500 | 30 | 530 |
| 36. | പുന്നമൂട് SNDP കുലനഴിക്കോട് റോഡ് റീടാറിംഗ്(106/17). (റീടെണ്ടർ) | 200000 | 1 | 1x500=500 | 40 | 540 |
| 37. | സി.പി.റോഡ് കൊല്ലമുക്ക് എച്ച്.എസ് ജം. റോഡ് ഐറിഷ് ഡ്രയിൻ, റീടാറിംഗ്(143/17). (റീടെണ്ടർ) | 530000 | 1 | 1x1090=1090 | 60 | 1150 |
| 38. | തോട്ടുംകര കൊച്ചുപുറപ്പടി റോഡ് റീടാറിംഗ് (179/17) (റീടെണ്ടർ) | 340000 | 1 | 1x700=700 | 50 | 750 |
| 39. | മണ്ണിൽ കോളനി റോഡ് ഫുട് പാത്ത് കോൺക്രീറ്റിംഗ് (121/17)(റീടെണ്ടർ) | 150000 | 2 | 2x500=1000 | 60 | 1060 |
| 40. | താരമേല്പേപടി വലിയകൺ റോഡ് ഐറിഷ് ഡ്രയിൻ, സംരക്ഷണ ഭിത്തി (150/17). | 400000 | 2 | 2x800=1600 | 100 | 1700 |
| 41. | മണ്ണിൽപ്പടി പ്ലാച്ചിക്കൽ റോഡ് പുനരുദ്ധാരണം (187/17) | 230000 | 2 | 2x500=1000 | 80 | 1080 |
| 42. | രാധപ്പടി എം.ജി.സെറ്റിൽമെന്റ് കോളനി ഫുട്പാത്ത് പുനരുദ്ധാരണം(151/17). | 350000 | 2 | 2x700=1400 | 80 | 1480 |
| 43. | സാറുമക്ക് പവ്വത്ത് പടി തോട്ടുകര റോഡ് സെക്കന്റ് മെറ്റലിംഗ് &ടാറിംഗ് (107/17) | 450000 | 2 | 2x900=1800 | 100 | 1900 |
| 44. | പാലമല ചിറവയൽ കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം(146/17) | 350000 | 2 | 2x700=1400 | 80 | 1480 |
| 45. | ശാലേപുരം യു.പി.സി പടി മാലക്കര റോഡ്പുരുദ്ധാരണം(191/17). | 200000 | 2 | 2x500=1000 | 60 | 1060 |
| 46. | വായനശ്ശാലപ്പടി കല്ലറേത്ത് റോഡ് റീടാറിംഗ്(113/17). | 300000 | 2 | 2x600=1200 | 80 | 1280 |
| 47. | തെക്കേക്കരപ്പടി മുട്ടുപറ റോഡ് പുനരുദ്ധാരണം(157/17). | 200000 | 2 | 2x500=1000 | 60 | 1060 |

| | | | | | | |
|---|---|---|---|---|---|---|
| 48. | കഞ്ചോട് കാരംവേലി റോഡ് റീടാറിംഗ് (127/17) | 400000 | 3 | 3x800=2400 | 150 | 2550 |
| 49. | പി.ആർ ജം. കോളനി ജം. റോഡ് ഐറിഷ് ഡ്രയിൻ, റീടാറിംഗ് (190/17). | 400000 | 2 | 2x800=1600 | 100 | 1700 |
| 50. | ചിറവയൽ കോളനി റോഡ് സംരക്ഷണഭിത്തി,ഫുട്പാത്ത് നിർമ്മാണം (142/17). | 250000 | 2 | 2x500=1000 | 80 | 1080 |
| 51. | കലാഭവൻ പന്നിവിളപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം(149/17). (റീടെണ്ടർ) | 150000 | 1 | 1x500=500 | 30 | 530 |
| 52. | നല്ലൂരേത്ത് ഏലാ റോഡ് കോൺക്രീറ്റിംഗ്(205/17). | 600000 | 3 | 3x1200=3600 | 180 | 3780 |
| 53. | കഞ്ചോട് ചർച്ച് റോഡ് കോൺക്രീറ്റിംഗ്(206/17) | 606073 | 3 | 3x1230=3690 | 210 | 3900 |
| 54. | ഏറനാട് ലബ്ബക്കോണം റോഡ് കോൺക്രീറ്റിംഗ് (207/17). | 550000 | 4 | 4x1100=4400 | 240 | 4640 |
